**ആദിസങ്കല്പത്തിൽ ലയിച്ച ഗുരുവിനെ ദർശനത്തിൽ ലഭ്യമാകുമോ?**

ആത്മാവുമാത്രമേ സൂഷ്മശരീരത്തിൽ നിന്ന് മുക്തിപ്പെട്ട് ആദിസങ്കല്പത്തിൽ ലയിക്കുകയുള്ളൂ. സൂഷ്മശരീരം എല്ലാ സത്ഗുണങ്ങളോടുംകൂടി പുണ്യാനുസൃതമായ ഭൂമികയിൽ നവജ്യോതിയായി കല്പാന്ത്യത്തോളം നിലനിൽക്കും. യോഗ്യമായ ആത്മാക്കൾക്ക് സൂഷ്മത്തിൽ അതു ദർശിക്കാനാകും.

**എന്താണ് സൂക്ഷ്മശരീരം?**

അന്തഃകരണങ്ങളും ജ്ഞാനേന്ദ്രിയങ്ങളും പ്രാണനുകളുമടങ്ങുന്നതാണ് സൂക്ഷ്മശരീരം. നേടിയ ജ്ഞാനവും ആർജ്ജിച്ച കർമ്മശേഷിയും സമാഹരിച്ച സങ്കല്പശക്തിയും രൂപവല്ക്കരിച്ച സംസ്ക്കാരവും നൈസർഗ്ഗിക വാസനകളും സൂഷ്മശരീരത്തോടൊപ്പം നിലനില്ക്കും. അത് കല്പാന്ത്യത്തിൽ എല്ലാവും ലയിച്ചതിനുശേഷം മാത്രമേ ബ്രഹ്മത്തിൽ ലയിക്കുകയുള്ളൂവെന്നാണ് ശ്രുതികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കല്പാന്ത്യത്തോളം ഗുരുസ്വരൂപം നവജ്യോതിയായി ഈ സൗരയൂഥത്തിൽ നിലനില്ക്കും. യോഗ്യമായ ആത്മാക്കൾക്ക് ജഗത്നിയന്താതാവിന്റെ കല്പനകൾ ദർശനത്തിൽ ആ നവജ്യോതിയി (പ്രകാശത്തി) ലൂടെ ലഭ്യമാകുകയും ഗുരുവിന്റെ സങ്കല്പങ്ങൾ മനുഷ്യരാശിയിൽ പ്രാവർത്തികമാകയും ചെയ്തുകൊണ്ടേയിരിക്കും.

**ഷഡ്കരണങ്ങളും അന്തഃകരണവും, പഞ്ചേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയവും വിശദീകരണമർഹിക്കുന്നു.**

ഷഡ്കരണങ്ങളിലൂടെയും പഞ്ചേന്ദ്രിയങ്ങളിലൂടെയും ശരീരത്തോടെയിരിക്കുമ്പോൾ ബഹിർമുഖമായി ശേഖരിക്കുന്ന അറിവുകളെ തിരിച്ചറിയുന്ന സൂഷ്മകേന്ദ്രങ്ങളാണ് അന്തഃകരണവും ജ്ഞാനേന്ദ്രിയവും. ശരീരം വിടുമ്പോൾ അന്തർമുഖമായി സൂഷ്മത്തെ മാത്രം അറിയാൻ കഴിയുന്ന അവസ്ഥയിൽ അതു നിലനില്ക്കുന്നു. ശരീരത്തോടെയിരിക്കുമ്പോൾ മനസ്സും ഇന്ദ്രിയങ്ങളും അടങ്ങി അന്തർമുഖമായി പ്രവർത്തിക്കുമ്പോഴാണ് ജ്ഞാനേന്ദ്രിയവും അന്തഃകരണവുമുണർന്ന് സൂഷ്മത്തെ അറിയാൻ കഴിയുന്നത്.

**എന്താണ് ദ്വൈതാദ്വൈതങ്ങൾ, ത്രപുടി, പ്രത്യക്ഷീഭവിക്കൽ, സാക്ഷാത്ക്കരിക്കൽ ?** വളരെ വ്യാപ്തിയുള്ള വിഷയങ്ങളാണിത്. സംക്ഷിപ്തമായി കുറിക്കുന്നു. ജ്ഞാതാവും ജ്ഞേയവുമെന്ന രണ്ടവസ്ഥകൾ ദ്വൈതം. ജ്ഞാതാവ് ജ്ഞാനത്തിലൂടെ ജ്ഞേയത്തെ അറിയുന്നു. ഈ ത്രിപുടി (ജ്ഞാതാവ്, ജ്ഞാനം ജ്ഞേയം) മുടിഞ്ഞ് എഴും പ്രകാശത്തിൽ ലയിക്കൽ,

അഥവാ ജ്ഞാതാവും ജ്ഞേയവും ഒന്നായിത്തീരുന്ന അവസ്ഥ അദ്വൈതം. എപ്പോൾ ആത്മാവ് പരമാത്മസത്യത്തിൽ ലയിക്കുന്നുവോ അപ്പോൾ മാത്രമേ അദ്വൈതാവസ്ഥ പ്രാപിക്കുന്നുള്ളൂവെന്നാണ് ഗുരുമതം.

പ്രത്യക്ഷീഭവിക്കലും സാക്ഷാത്ക്കരിക്കലും വ്യത്യസ്ഥമായ രണ്ടു വസ്തുതകളാണ്. തുര്യത്തിലും ജാഗ്രത്തിലും സ്വപ്നത്തിലുമുള്ള അനുഭവമാണ് പ്രത്യക്ഷീഭവിക്കൽ. പരമാത്മാവിൽ ലയിക്കലാണ് സാക്ഷാത്ക്കാരം. അതാണ് തുര്യാതീതം. ഈ അറിവ് ഗുരുവിലൂടെയാണ് പൂർത്തീകരിക്കപ്പെട്ടത്.

**സ്വാമി ബ്രഹ്മാനന്ദകുലപതി**

**സംവേദകന്റെ പ്രസിദ്ധീകരണത്തിന് കാലതാമസം ഉണ്ടാകുന്നതെന്താണ്? ഒരു ദ്വൈമാസപ്രസിദ്ധീകരണമെന്ന നിലയിലെങ്കിലും പ്രതീക്ഷിക്കുകയാണ്.**

**മഹേശൻ**

പ്രസാധകക്കുറിപ്പിൽ കാരണം വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.മഹേശനെപ്പോലെ കാലതാമസത്തെക്കുറിച്ച് അന്വേഷിച്ചുകൊണ്ടെഴുതിയ അനേകംപേരുടെ കുറിപ്പുകൾ സ്ഥലപരിധിമൂലമാണ് പ്രസിദ്ധീകരിക്കാൻ സാധിക്കാത്തത്. സംവേദകനോട് നിങ്ങൾ പുലത്തർന്ന സ്നേഹാദരവുകൾക്ക് നന്ദി.

**സംവേദകന്റെ നിലവാരം വളരെ വളരെ വേഗത്തിൽ ഉയർന്നുകൊണ്ടിരിക്കുന്നു. സാധാരണ വായനക്കാരെ കൂടി കണക്കിലെടുത്തുകൊണ്ടു കൂടുതൽ വിശദീകരണം ആവശ്യമായിട്ടുണ്ട്. ശ്രദ്ധിക്കുമല്ലോ? –സുനിൽ–**

ഏതേതു ഭാഗങ്ങളിൽ വിശദീകരണം ആവശ്യമാണോ അതു സംവേദകനിലേക്കു ദയവായി മെയിൽ ചെയ്യുക. സ്ഥലപരിധിമൂലം എല്ലാറ്റിനും ഒരുമിച്ചു വിശദീകരണം നൽകി പ്രസിദ്ധീകരിക്കാൻ കഴിയില്ല. ക്രമേണ എല്ലാ ചോദ്യങ്ങൾക്കും വിശദീകരണം നൽകുകതന്നെ ചെയ്യും.

**ഞാൻ എഴുതി അയച്ച ലേഖനം ഇതുവരേയും പ്രസിദ്ധീകരിച്ചു കണ്ടില്ല. ഉടൻ പ്രതീക്ഷിക്കുന്നു. –ദേവിലാൽ–**

ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. പ്രസിദ്ധീകരണയോഗ്യമല്ലാത്തവക്ക് കാരണം വ്യക്തമാക്കികൊണ്ടു മറുപടി അയച്ചിട്ടുണ്ട്. ബാക്കിയുള്ളവ മുറപോലെ പ്രസിദ്ധീകരിക്കും. കാലതാമസം ദയവായി ക്ഷമിക്കുക.